<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2158</u>** **<u>13-09-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ഫോറൻസിക് സയൻസ് ബിരുദാനന്തരബിരുദ കോഴ്സുകളുടെ പി.എസ്.സി. അംഗീകാരം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിൽ വിവിധ തസ്തികകളിലെ നിയമനത്തിനുള്ള യോഗ്യതയായി എം.എസ്.സി. ഫോറൻസിക് സയൻസ് ബിരുദാനന്തര ബിരുദം ഇപ്പോഴും ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എം.എസ്.സി ഫോറൻസിക് സയൻസ് ഉൾപ്പെടെയുള്ള അധികയോഗ്യതകൾ ഉൾപ്പെടുത്തി നിലവിലുള്ള വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ശാസ്ത്രീയ രീതികൾക്ക് മുൻതൂക്കം നൽകുന്ന ഫോറെൻസിക് കോഴ്സുകൾ ആരംഭിക്കണമെന്ന പോലീസ് സേനയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ യൂണിവേഴ്സിറ്റികൾ ആരംഭിച്ച എം.എസ്.സി. കോഴ്സുകൾ പി.എസ്.സി. അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ